മത്സ്യകയറ്റുമതിക്കായി സംസ്കരണയൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സഹായത്തോടു കൂടി കിൻഫ്രായും, എം.പി.ഇ.ഡി.എ-യും സംയുക്തമായി ആലപ്പുഴ ജില്ല യിലെ അരൂരിൽ 'മറൈൻ പ്രോഡക്ട് ഇൻഫ്രാസ്ട്രക്ചർ' ഫെസിലിറ്റി പ്രോജക്ട് എന്ന പേരിൽ, നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പൂർത്തിയാകു മ്പോൾ ഏകദേശം പത്തോളം കയറ്റുമതി അധിഷ്ഠിത മത്സ്യ സംസ്കരണ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ആധുനികമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്നതാണ്. കൂടാതെ, മത്സ്യസംസ്കരണ യൂണിറ്റു കൾ യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ വിവിധ നടപടികൾ സ്വീകരിക്കുന്നതിന് മത്സ്യസം സ്കരണ സംരംഭകർക്ക് ആവശ്യമായ പരിശീലനവും ധനസഹായവും നൽകി വരുന്നു.

22 (*306) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ വിപു ലീകരണം

ശ്രീ എം.എ. തോമസ് :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തു നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ പ്രസിദ്ധീകരണങ്ങൾ എല്ലാം തന്നെ 'ബുക്ക് മാർക്ക്' വഴി വിൽപന നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം 'ബുക്ക്മാർക്ക്' എത്ര രൂപയുടെ ഏതെല്ലാം പ്രസിദ്ധീകരണങ്ങളുടെ വിൽപന നടത്തിയിട്ടുണ്ട്;

(ഇ) വിശദാംശം വ്യക്തമാക്കുമോ;

(എഫ്)ബുക്ക് മാർക്ക് വഴി സർക്കാർ പ്രസിദ്ധീകരണങ്ങളുടെ വിപ ണനം സംസ്ഥാന വ്യാപകമായി വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീക രിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമ കൃഷ്ണൻ) :

(എ)&(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരളസർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രസി ദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിൽപന നടത്തുന്ന ഒരു സ്ഥാപനമാണ് കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. എല്ലാ പ്രസിദ്ധീകരണസ്ഥാപനങ്ങളു ടെയും പുസ്തകങ്ങൾ ഒരുമിച്ച് ഒരു സ്ഥലത്ത് നിന്ന് വാങ്ങാനുള്ള ഏക ജാല കസംവിധാനമാണ് കേരള ബുക്ക് മാർക്കറ്റിങ്ങിലുള്ളത്. പുസ്തക മേളകളിലൂ ടെയും തിരുവനന്തപുരത്തും, എറണാകുളത്തും ഉള്ള വിൽപന കേന്ദ്രങ്ങളിലൂ ടെയുമാണ് ബുക്ക് മാർക്ക് പുസ്തകങ്ങൾ വിറ്റഴിക്കുന്നത്. മാർച്ചു മാസത്തിൽ എറണാകുളത്ത് തുറന്ന മേഖലാ വിൽപനശാലയിൽ കൂടുതൽ പുസ്തക

LIBRARY ARCHIVES Kerala Legislative Assembly

വിൽപന പ്രതീക്ഷിക്കുന്നു. താമസിയാതെ കോഴിക്കോട്ടും അചിരേണ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ഡിപ്പോകൾ തുറക്കാൻ കഴിയും.

(ഡി)&(ഇ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ വിവിധ പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ 20 ലക്ഷം രൂപയുടെ മുഖവിലയുള്ള പുസ്തകങ്ങൾ ബുക്ക്മാർക്ക് വിറ്റഴിക്കുകയുണ്ടായി. ബുക്ക്മാർക്ക് വഴി താഴെ പറയുന്ന പ്രസിദ്ധീകരണസ്ഥാപനങ്ങളുടെ പുസ്തകങ്ങളാണു വിറ്റഴിക്കുന്നത്.

1. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
2. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
3. സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്.
4. സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്
5. കേരള ഗസറ്റിയേഴ്സ്
6. കേരള സാഹിത്യ അക്കാദമി
7. കേരള സംഗീത നാടക അക്കാദമി
8. ലളിത കലാ അക്കാദമി
9. ഗവൺമെന്റ് പ്രസ്സ്
10. കേരള സർവകലാശാല

(എഫ്) സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്ത് എറണാകുളം ജില്ലയിൽ ഒരു വിൽപനകേന്ദ്രം മാർച്ച് മാസത്തിൽ ആരംഭിച്ചു. കൂടുതൽ വിൽപനകേന്ദ്രങ്ങൾ തുടങ്ങുന്നത് സൗകര്യപ്രദമായ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക നില അനുസരിച്ചും തീരുമാനിക്കുന്നതാണ്.

23 (*307) മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങളുണ്ട്;

(ബി) ഇവയിൽ എത്ര സംഘങ്ങളിലെ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്;

(സി) അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ട് എത്ര കാലമായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) അഡ്മിനിസ്ട്രേറ്റർ ഭരണം നിലനിൽക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലേക്ക് എന്ന് തെരഞ്ഞെടുപ്പു നടക്കുമെന്ന് അറിയിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) 792

(ബി) 4 സംഘങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly